PRESIDENT: When an honourable member speaks he can speak as a member of the House also. It cannot be said that he speaks on behalf of the Nationalist Party or the State Congress Party. Whenever he speakes one has to take it that he speaks as a member of this Assembly.

MR. E. JOHN PHILIPOSE: Is it not open to the member to speak on behalf of a party?

PRESIDENT: No comment is allowable on the ruling of the chair.

MR. M. KESAVA PANICKER: Among the 405 Proverthicars, only 3 are from the Ezhava community. Even out of that 2 appointments are temporary and the remaining one is permanent. That is the position of representation for the Ezhava community. It is not of want of competent hands among the community. Surely not. All that I desire is to draw the pointed attention of Government to formulate proposals for the redress of communal justice at as early a date as possible. At the same time, I am constrained to appeal to my brother members to cooperate with the principle underlying this motion and instead of remaining neutral vote for the motion.

MR. E. JOHN PHILIPOSE: Is it open to the member to give advice to his own party?

MR. M. KESAVA PANICKER: I only appeal to the members of the Ezhava community to vote for the motion.

MR. K. G. KUNJUKRISHNA PILLAI (*Neyyattinkara* cum *Trivandrum*): Sir, I am glad to find that the number of those who stand and fight for communal representation is dwindling. This time last year, this House was a hot-bed of communalism. Very nearly the majority of the elected members fought tooth and nail, left no inch of the ground pleading for communal representation, whether it related to the appointments in the Land Revenue, or Excise, or Medical or Public Health and so forth. Now, Sir, the exigencies of the situation, outside and inside, has made it desirable that the State Congress party should run with the hare and hunt with the hound. They are sitting frankly on the fence not knowing what to do. Sir the Government order on communal representation is frankly a concession of a communal cry. As I understand it, to-day the leader of the State Congrees party stated on the floor of the House that they want nationalism, that they want all the communities to combine and fight solidly for nationalism. It is really a sorry spectacle. But I want to point out to them that they cannot sit on the fence much longer. A time will come, it is not very far off, when a slight crack among their ranks will show that there exists strong differences. But now, this gesture of theirs in the matter of communal question, is only a temporary phase.

PRESIDENT: The question whether that party exists for to-morrow for the day after is beside the point.

LIBRARY ARCHIVES Kerala Legislative Assembly

MR. K. G. KUNJUKRISHNA PILLAI: Sir, I am only expressing my feelings of joy, that even as a political motive, the Congress Party had to climb down and say at any rate, that they did not want to vote for communalism. That means, that they are against communalism. When Messrs. Kunjitomman and E. P. Varghese were pleading for allocation of appointments on communal basis, if the State Congress party remain neutral, what is the result according to them. It means that their vote is lost. That is to say, that the Congress Party is voting against communalism. That again means, that they are laughing and jeering at it. Their present attitude shows that they are against communalism. This fundamental fact follows out of it and that is, they are against communalism and I thank them for their views. But I would have thanked them more if they had made a courageous and unambiguous declaration that they stand for nationalism. They ought to have come out and told publicly that they stand for real nationalism.

MR. K. T. THOMAS (*Tiruvella*): Is the member supporting or opposing the motion?

PRESIDENT: It is clear from what the honourable member said at the beginning.

MR. K. G. KUNJUKRISHNA PILLAI: Sir, each member has his own capacity for understanding. To that extent and to that measure, I have made my self.....

PRESIDENT: I do not think it is necessary for the honourable member to remark about the understanding capacity of another member.

MR. K. G. KUNJUKRISHNA PILLAI: All that I was saying was that while I approve and welcome the statement issued by the State Congress Party which in effect amounts to a fight against communalism, if they had openly said so to their party followers and to this House and to the public that they are out to fight against communalism, I would have been gladder.

As I have understood, communal justice is far different from communalism, or communal representation on a population basis. Communal justice means, give every man his due allow equal opportunities of education to every man in the community; allow every man chance for entry into the public service; allow every man to rise in service. Communal justice means, that no member, simply because he is born in a particular community, is debarred from enjoying the privileges that the members of other communities enjoy. To that extent, communal justice is consistent with nationalism. But communal representation on a population basis and the sort of division of appointments from Proverticars upwards to the Dewan, the sort of reservation of seats for certain communities in the Transport or some other department, is not communal justice. That is a perversion of communal justice, nationalism and efficiency. Therefore, while appreciating that every effort should be made for meeting out communal justice in the sense that every man must have equal opportunities of appointment in the public service, I oppose the adoption of communal representation, whether it comes in

LIBRARY ARCHIVES Kerala Legislative Assembly

the form of a G. O. or representation in the legislature. While welcoming the pronouncement of the State Congress party with sincerty, I would draw their attention to declare openly and unambiguously that they are out to fight against communalism. It might be that they will lose some of their membership. But, that will, as certainly as any thing else strengthen their fight for nationalism.

PRESIDENT No advice in regard to political programme is necessary now.

Mr. K. G. KUNJUKRISHNA PILLAI: Therefore, Sir, in the matter of representation on communal basis, I welcome the statement issued by the State Congress Party. With these words I oppose the motion.

PRESIDENT: Mr. Kunjithommen spoke on the question of redressing the grievance of the catholic community in the matter of appointment of Assistant Peishkars. Now, the discussion has turned to recruitment of Proverticars and others in the Land Revenue Department on communal basis. If the member wishes to speak on those points, let him do so now.

MR. THARIATHU KUNJITHOMMEN: ഗവണ്മെന്റ് മാഗത്തുനിന്നും പറയുവാനുള്ള മറുപടി കേട്ടിട്ട് എനിക്കു പറയുവാനുള്ളതു പറയാമെന്നു വിചാരിക്കുന്നു. സർ, എന്റെ ഉപക്ഷേപത്തിന് ഞാൻ ഉദ്ദേശിച്ചിട്ടുള്ള പരിധിയിൽനിന്നും പ്രസിഡൻറവർകൾ കൂടുതൽ വ്യാപ്തികൊടുത്തിരിക്കുന്ന സ്ഥിതിക്കു ഞാൻ മുൻപ് പ്രതിപാദിച്ചുകഴിഞ്ഞ അസിസ്റ്റൻറ് പേഷ്ക്കാരന്മാരുടെ കാര്യമൊഴിച്ചു് മറ്റു കാര്യങ്ങളെ കുറിച്ചുകൂടി കൂടെ പറയാമെന്നു വിചാരിക്കുന്നു. അസിസ്റ്റൻറ് പേഷ്ക്കാരന്മാരുടെ താഴെയായി തഹശീൽദാന്മാരും അവരുടെ താഴെയായി പ്രവർത്തികാരന്മാരും ഉണ്ട്. ഇതിനും പുറമെ ഹെഡ്ക്വാർട്ടേഴ്സിൽ തഹശീൽദാരന്മാരായും, ഹെഡ് അക്കൌണ്ടൻറുമാരായും, ഷേറ് ആഫീസറന്മാരായും പല ഉദ്യോഗസ്ഥന്മാരും റവന്യൂ ഡിപ്പാർട്ടുമെൻറിലുണ്ട്. ഈ സ്ഥാനങ്ങളിലൊന്നിലും പറയത്തക്ക പ്രാവശ്യം സിറിയൻ കത്തോലിക്കർക്കു കിട്ടിയിട്ടില്ല. മറ്റു ചില സമുദായക്കാരുടെ കാര്യവും ഏറക്കുറെ അങ്ങിനെതന്നെയാണ്. വിദ്യാഭ്യാസം സിദ്ധിച്ച യോഗ്യന്മാരില്ലാത്ത ചില സമുദായങ്ങളുടെ അവകാശങ്ങളെ അവഗണിക്കുന്നതുപോലെ വിദ്യാഭ്യാസം സിദ്ധിച്ച ചില യോഗ്യന്മാർ ധാരാളമുള്ള ഈ സമുദായത്തിന്റെ അവകാശങ്ങളെ അവഗണിക്കുന്നതു് നീതിയായിരിക്കയില്ല തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ സംഖ്യ സെൻസ്സസ് റിപ്പോർട്ട് പ്രകാരം ക്രിസ്ത്യാനികൾ ഹിന്ദുക്കൾ മുസൽമാന്മാർ എന്നവരെയും, ഹിന്ദു മുസൽമാന്മാർ ക്രിസ്ത്യാനികൾ എന്നവരെയും വശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr, Thariathu Kunjithommen.]

പറഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യയിൽ ഒന്നാമതായി നിൽക്കുന്നതു നായർ സമുദായമാണ്. ഏകദേശം ൧൦൦ പേർ അതിലുണ്ട്. അതുപോലെതന്നെ ജനസംഖ്യയുള്ള കത്തോലിക്കാസമുദായമാണു രണ്ടാമതായി നിൽക്കുന്നതു്. ഈ സമുദായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചവരുടെ സംഖ്യ ൫൭,൦൦൦-ൽ ശിഷ്ടമുണ്ട്. ഈഴവസമുദായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമുള്ളതു് ൪൦൦൦പേരാണു്. വെള്ളാള സമുദായത്തിൽ ൨൯൦൦ പേരേയുള്ളു. അവരിൽ ആയിരത്തിൽശിഷ്ടംപേർ ഇപ്പോൾ ഉദ്യോഗത്തിലുണ്ട്. ഇന്നു സർവീസിലിരിക്കുന്നവരുടെ സംഖ്യ തങ്ങളുടെ സമുദായത്തിലെ ഇംഗ്ലീഷ് പഠിച്ചിട്ടുള്ളവരുടെ സംഖ്യയിൽ പകുതിയിൽ കടന്നു നിൽക്കുന്ന നാലു സമുദായങ്ങൾ ഇവിടെയുണ്ട്. ൫൭൦൦൦പേർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുള്ള കത്തോലിക്കാസമുദായത്തിനു ൧൦൦ ഉദ്യോഗങ്ങളേ ആകെയുള്ളു. നാലായിരം ജനസംഖ്യ അനുസരിച്ചു കിട്ടണം.

MR. C. O. MADHAVAN: ഇതു് ഏതാണ്ടത്തെ സെൻസസ് റിപ്പോർട്ടാണ്?

MR. THARIATHU KUNJITHOMMEN: ലേറ്റസ്റ്റ്, അതിന്റെ പേജുകളും ഞാൻ പറഞ്ഞു കഴിഞ്ഞു.

റവന്യൂഡിപ്പാർട്ടുമെൻറിൽ ൫൦൫ പ്രവൃത്തിക്കാരന്മാരുള്ളതിൽ ഒരാളാണു സിറിയൻ കാത്തലിക്സിൽ നിന്നുമുള്ളതു്. ലാറ്റിൻകത്തോലിക്കർക്കു കുറവില്ല. ഇമ്മാതിരി ന്യായമായ തോതിൽ കത്തോലിക്കർക്കു കിട്ടേണ്ടതു കിട്ടുവാൻ എത്ര കാലം വേണം. ഒന്നര വ്യാഴവട്ടംകൊണ്ടു് കത്തോലിക്ക സമുദായത്തിൽനിന്നും ആകെ ഒരാൾക്കു് പ്രവൃത്തിക്കാർഉദ്യോഗംകിട്ടി. ഈ കണക്കിനു കാത്തലിക്സിനു് ന്യായമായി അർഹതയുള്ള ൫൭൦൦ പ്രവൃത്തിക്കാർ ഉദ്യോഗംകിട്ടുന്നതിനു് എട്ടോ പത്തോ നൂറ്റാണ്ടുകളിലധികം വേണ്ടിവരും. ഈ രീതിക്കു പോയാൽ ആയിരം വർഷംകൊണ്ടേ അവർക്കർഹതയുള്ള അവകാശം കിട്ടുകയുള്ളു. ഏതെങ്കിലും ഒരു തോതുവച്ചു് അവരുടെ അവകാശത്തെ പരിരക്ഷിക്കണമെന്നു പറയുമ്പോൾ അതു് ദേശീയത്തിനു വിരുദ്ധമാണെന്നും കാഴ്ചക്ഷമതക്കു ഹാനികരമാണെന്നും മറ്റും ഇവിടെ ചിലർ പറയുന്നു. ദേശീയതക്കു അതു വിരുദ്ധമാണെന്നു പറയുന്നവർ ആത്മാർത്ഥതയോടുകൂടി പറയുന്നവരായിരിക്കാം. അവരെ എനിക്കറിയാവുന്നതുകൊണ്ടു് എന്റെ സഹപ്രവർത്തകരായ അവർ ആത്മാർത്ഥതയോടുകൂടി പറയുന്നതാണെന്നുതന്നെവേണം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയാൻ. എന്നാൽ അവരെ അറിയാത്ത പൊതുജനങ്ങൾ എന്തു ചെയ്യും? പട്ടികയ്ക്ക് അപ്പക്ഷണത്തിന് കടിക്കുടുന്നതുപോലെ ഉദ്യോഗാപ്പക്ഷണങ്ങൾക്കു കടിക്കുടുന്നതു വളരെ നിസ്സാരമായ ഒരു സംഗതിയാണെന്നും മറും മിസ്റ്റർ കേശവപിള്ള അഭിപ്രായപ്പെട്ടു. അങ്ങിനെയാണെങ്കിൽ അതുവിട്ടുകൊടുക്കാതെ മുറുകെപിടിക്കുന്നതെന്തിന്. ഈ സംഗതി നിസ്സാരമായിട്ട് ഞാൻ കരുതുന്നില്ല. പ്രവർത്തകാരന്മാരാണു ഈ സഭയ്ക്കു മെംബർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതു. പുതുവലും പുതുപോക്കും ചേർത്തു കൊടുക്കുന്നതും ഇവർ തന്നെയാണ്. ഇവിടത്തെ പ്രധാനതൊഴിലാളികളായകൃഷിക്കാരോട് അധികം ഇടപെടേണ്ടതു ഇവരാണു, ഇവരുടെ അധികാരം നിസ്സാരമാണോ? സ്ഥിതിഗതികൾ ഇങ്ങനെയിരിക്കുമ്പോൾ ഒരു പോലും സിറിയൻ കത്തോലിക്കരിൽ നിന്നില്ല.

MR. K. P. KOCHUKORATHARAKAN : ജാക്കബൈറ്റ്സ് എത്രപേരുണ്ട്?

MR. THARIATHU KUNJITHOMMEN: ഒന്നോ രണ്ടോപേരുണ്ട്.

MR. K. P. KOCHUKORATHARAKAN : മഹമ്മദീയർ എത്രപേരുണ്ട്?

MR. THARIATHU KUNJITHOMMEN: മുൻപേ ഒരാളുണ്ടായിരുന്നു. പിന്നീട് ഒരാളിനെ എക്സൈസിൽനിന്നെടുത്തു. ഒരാളിനു ഇപ്പോൾ കയറ്റം കൊടുത്തു, ഇങ്ങനെ രണ്ടുപേരുണ്ട്.

ഓരോ ഉദ്യോഗവും അധികാരസ്ഥാനങ്ങളാണ്. "ഗവണ്മെന്റ്" എന്നു പറയുന്നതിന്റെ പ്രായോഗികമായ അർത്ഥം ഉദ്യോഗസ്ഥന്മാരുടെ സമൂഹം എന്നാണല്ലോ. ജനങ്ങളെ ഭരിക്കുന്നതു ഉദ്യോഗസ്ഥന്മാരാണു. രണ്ടരക്കോടി രൂപ ജനങ്ങളിൽനിന്നും പിരിച്ചു രണ്ടരക്കോടിരൂപ ശമ്പളവും പടിയുമായിപ്പറ്റി ബാക്കി ജനങ്ങളുടെ ആവശ്യത്തിനായി ചെലവാക്കുന്നതും ഉദ്യോഗസ്ഥന്മാരാണ്. സകലനിയമങ്ങളും ജനങ്ങളുടെനേർക്ക് പ്രയോഗിക്കുന്നതും ഇവരാണ്. ഉദ്യോഗസ്ഥന്മാർ അവരുടെ അധികാരം നിരുത്തരവാദിത്വം ശമ്പളം ഇവയൊക്കെ നീക്കിയാൽ പിന്നെ എന്താണു രാജ്യകാര്യമായുള്ളതു് ദേശീയതയെല്ലാം ഇതിൽ അടങ്ങും. അതിനകത്തൊതുങ്ങാത്തതായി യാതൊന്നുംതന്നെയില്ല. സകലജനങ്ങളും നിയമനത്തിനു വിധേയരാണ്. ഈ നിയമത്തിന്റെ ചരടു പിടിക്കുന്നതു് ഈ ഉദ്യോഗസ്ഥന്മാരല്ലാതെ മറ്റാരാണ്? അവരുടെ അധികാരം സർവ്വതന്ത്രസ്വതന്ത്രമാണു. രാജ്യത്തു സമുദായങ്ങളുടെയിടയിൽ അസ്വസ്ഥതയും സമുദായപക്ഷപാതവും നടക്കുന്നുണ്ട്. ഈ വക സംഗ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kuujitommen.]

തികളിൽനിന്നെല്ലാം അതീതന്മാരാണു ഉദ്യോഗസ്ഥന്മാർ എന്നു പറയുവാൻ ഒരിക്കലും നിവൃത്തിയില്ല. ജീവിതമത്സരത്തിൽ നമ്പ സമുദായക്കാരായ ഉദ്യോഗസ്ഥന്മാരുടെ സഹായംനിമിത്തം ഒരു ക്ലർക്കർ വിജയികളാകുന്നു; മറൊരുക്ലർക്കർ അതില്ലാതെ പരാജിതരാകുന്നു. രാജ്യത്തു അനുഭവത്തിലിരിക്കുന്ന ഈ കാര്യം ആർക്കും മറച്ചുവക്കാൻ സാധിക്കുന്നതല്ല. പബ്ലിക്കു സർവീസിൽ ന്യായമായ പങ്കു വേണമെന്നു പറയുന്നതു് ദേശീയതക്കു വേണ്ടിയുള്ളതല്ലപോലും. ഈ രാജ്യത്തെ ഒരു വമ്പിച്ച ജനവിഭാഗത്തെ നികൃതികൊടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടില്ല. അതേ സമയത്തുതന്നെ ഉദ്യോഗംവഹിച്ചു അധികാരം നടത്താനുള്ള അവകാശങ്ങളിൽനിന്നും ഇവരെമാറ്റി നിറുത്തിയിരിക്കുന്നു. ഇതാണോ ദേശീയത ഏതാനും ചില സമുദായങ്ങളുടെ കയ്യിൽതന്നെ പാരമ്പരാധികാരമെല്ലാം ഇരിക്കുന്ന ഇപ്പോഴത്തെരീതിയാണോ ദേശീയത്വം എന്നു പറഞ്ഞു് ചിലർ ഗവണ്മെൻറിനെ വഴിതെറ്റിക്കുന്നു. ഇങ്ങനെ തുടർന്നുപോയാൽ രാജ്യത്തിൻറെ സ്ഥിതി എന്തായിരിക്കും സമുദായസൌഹാർദ്ദത്തെയും രാജ്യത്തിനു റ അഭിമാനത്തെയും എപ്പോഴും പരിരക്ഷിക്കേണ്ടതു എല്ലാവരുടെയും കടമയാണു്. ഗവണ്മെൻറു എപ്പോഴും നീതിയുടെയും നിയമസമാധാനത്തിൻറെയും പരിപാലകത്വം വഹിച്ചുകൊണ്ടിരിക്കുന്നു. സകലജനങ്ങൾക്കും നിഷ്പക്ഷമായ രക്ഷ നൽകണമെന്നുള്ളതാണു് ഗവണ്മെൻറിൻറെ കടമ. അതിൽനിന്നും വ്യതിചലിക്കുന്നുണ്ടെങ്കിൽ ആ ഭാഗത്തെ മുണ്ടിക്കാണിച്ചു ശരിയായ മാർഗ്ഗത്തിൽക്കൂടി നടത്തിക്കാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കേണ്ടകടമയാണു് ജനപ്രതിനിധികൾക്കുള്ളതു്.

സമുദായപ്രാതിനിധ്യം മൈസൂരിലും കൊച്ചിയിലും മദ്രാസിലും മറ്റു ബ്രിട്ടീഷ് പ്രവിശ്യകളിലും നടപ്പിലിരിക്കുന്നതാണു്. അവിടെയെങ്ങും ഇതു് ആക്ഷേപിക്കപ്പെടുന്നില്ല. ഇവിടമാത്രം അതു പാടില്ലാ എന്നു പറയുവാൻ എന്താണു കാരണം? വിവിധ സമുദായങ്ങൾ അധിവസിക്കുന്ന രാജ്യങ്ങളിൽ അവക്കെല്ലാം രക്ഷ നൽകാൻ നടത്തുന്ന വാദമാണു് സമുദായ പ്രാതിനിധ്യവാദം. ഇതു് സത്യത്തിലും നീതിയിലും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണു്. ധർമ്മരാജ്യത്തിൻറെ പ്രശസ്തിക്കും വിവിധ സമുദായങ്ങളുടെ ഐക്യത്തിനും നമ്മുടെ സകല പുരോഗതിക്കും അവലംബമായ മന്നാണിതു്. ഇതു് അവഗണിച്ചിട്ടുള്ള ദേശീയതയെ പുലർത്തുന്നതു് അധഃപതനത്തിനു കാരണമാകും. നമ്മുടെ രാജ്യത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്റെ പുരോഗതിയെ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി നയിക്കത്തക്കവണ്ണമുള്ള ഉപദേശങ്ങൾ ഗവണ്മെൻറിനു കൊടുക്കുവാനാണു നാം ശ്രമിക്കേണ്ടതു്.

ഓരോരുത്തക്കും തങ്ങളുടെ ആളുകൾക്കോ തങ്ങൾക്കുതന്നെയോ ഉദ്യോഗങ്ങൾ വേണമെന്നു തോന്നാം. അതു് സാധാരണയാണു്. എന്നാൽ രാജ്യവാസികളുടെ യോഗക്ഷേമത്തെ നശിപ്പിക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു് ഗവണ്മെൻറിനെ വഴിതെറ്റിക്കുന്നതു് കഷ്ടാൽകഷ്ടതരമായിരിക്കും. താണതരത്തിലുള്ള ഉദ്യോഗങ്ങളിൽനിന്നുപോലും ഈ രാജ്യത്തെ വമ്പിച്ച ഒരു ജനവിഭാഗത്തിനെ മാറ്റിനിത്തിയിരിക്കുന്നതു ദേശിയം പരിരക്ഷിക്കാനാണെന്നോ എഫിഷ്യൻസിക്കാണെന്നോ പറഞ്ഞാൽ എന്താണു് ധരിക്കേണ്ടതു്.

ഈ രാജ്യത്തെ ഭരണകേന്ദ്രം എന്നു് പറയുന്നതു് ഫജ്ജർ വകുപ്പിനെയാണു്. അസിസ്റ്റൻറു പേഷ്ക്കാരന്മാരെ സെക്രട്ടേറിയായും അസിസ്റ്റൻറുസെക്രട്ടറിമാരെ അസിസ്റ്റൻറു പേഷ്ക്കാരന്മാരായും നിയമിക്കാറുണ്ടു്. ഇവരിൽനിന്നുമാണു് മൈനർ ഡിപ്പാർട്ടുമെൻറുകളുടെ അദ്ധ്യക്ഷന്മാരെയും നിയമിക്കുന്നതു്. ഭരണം നടത്തുന്നതു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾ സിക്രട്ടേറിയററിൽവന്നു് ക്രുലങ്കഷമായി പരിശോധിച്ചു് അതനുസരിച്ചാണെന്നും ചില നിർദ്ദേശങ്ങളെ അക്കെയുണ്ടു് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചാണെന്നും ഭരണറിപ്പോർട്ടിൽ പറയുന്നു. എന്നാൽ ഈ സ്ഥാനങ്ങളിലൊന്നും ആരുമില്ലാത്ത ഒരു ജനവിഭാഗത്തിനു ഭരണവിഷയത്തിൽ യാതൊരു സ്ഥാനവുമില്ലെന്നു വ്യക്തമാണു്, നിർദ്ദേശങ്ങൾ കൊടുക്കുന്ന ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ ക്രട്ടത്തിലോ ഈ നിർദ്ദേശങ്ങളെപ്പറ്റി ആലോചിക്കേണ്ട സെക്രട്ടേറിയററിലോ, ഫിനാൻസ് വകുപ്പിലോ അക്കൗണ്ടുവകുപ്പിലോ ഒരു ഉദ്യോഗസ്ഥൻപോലും വമ്പിച്ച ജനവിഭാഗമായ കത്തോലിക്കരിൽനിന്നും ഇല്ല. ഇതെന്തൊരുനീതിയാണു്. ഇതാണോ ദേശീയം, ഇതാണോ എഫിഷ്യൻസി?

MR. M. K. MACKAR PILLAI : (*Kunnatnad cum Parur*) : ഒരു പേഷ്ക്കാരില്ലേ?

MR. THARIATHU KUNJITHOMMEN : ഉണ്ടു്. ദിവാൻപേഷ്ക്കാരായും, സെക്രട്ടറിയായും, അസിസ്റ്റൻറു പേഷ്ക്കാരായും പോർട്ടാഫീസറായും മറ്റും മാറി വരുന്നതു എല്ലാം ഈ ഒരാളുതന്നെ. ആ ആളിനെത്തന്നെ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയിട്ടു പല പേർ പറകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. M. K. MACKAR PILLAI : ഒരു പ്രേഷക്കാരുടെ കീഴിൽ എത്ര തഹശീൽദാരന്മാരുണ്ട്?

MR. THARIATHU KUNJITHOMMEN : അതെല്ലാം ഭരണറിപ്പോർട്ടിലുണ്ട്. മുസ്ലീം സമുദായത്തിൽനിന്നും മൂന്നു തഹശീൽദാരന്മാരുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ. മുസ്ലിം സമുദായത്തിന്റെ ജനസംഖ്യക്കനുസരിച്ചുള്ള പ്രാതിനിധ്യം അവിടെ കിട്ടിക്കഴിഞ്ഞു. എന്നാൽ മുസ്ലീം സമുദായത്തെക്കാൾ രണ്ടു മടങ്ങു ജനസംഖ്യയുള്ള ഒരു വക്കിച്ച ജനവിഭാഗത്തിൽനിന്നും ഒരാളുപോലുമില്ല. സകല സമുദായങ്ങളുടേയും കഷ്ടതകളേയും അവശതകളേയും പരിഹരിക്കേണ്ടതാണ്. എന്റെ സ്നേഹിതൻ മി: കേശവശാസ്ത്രി അവശ സമുദായങ്ങളിൽ ചെട്ടവക്ക് വേണ്ട പ്രാതിനിധ്യം നൽകണമെന്നു പറഞ്ഞു. അവരിൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ അവക്കുവേണം ഒന്നാമതായി ഉദ്യോഗം കൊടുക്കാൻ.

MR. M. K. MACKAR PILLAI : ഈ യോഗ്യത നിശ്ചയിക്കുന്നതാരാണ്?

MR. THARIATHU KUNJITHOMMEN : ഗവണ്മെൻറ്. ഗവണ്മെൻറ് അതു ന്യായമായി തീർച്ചയാക്കിയില്ലെങ്കിൽ ഇന്നയിന്ന തരത്തിൽ തീർച്ചയാക്കണമെന്നു പറയേണ്ടതു നമ്മുടെ കടമയാണ്.

MR. P. K. KUNJU : ഗവണ്മെൻറ് നിഷ്പക്ഷമായിട്ട് പെരുമാറിയിരുന്നാൽ ഈ കുഴപ്പം വരുമോ?

MR. THARIATHU KUNJITHOMMEN : ഗവണ്മെൻറ് തെറ്റു ചെയ്താൽ അതു തിരുത്തുവാൻ ഉപദേശിക്കേണ്ടതു ജനപ്രതിനിധികളുടെ കടമയാണ്. ജനക്ഷേമത്തിന് ആവശ്യമായ കാര്യങ്ങൾ വരുമ്പോൾ ജനപ്രതിനിധികൾ അതിനെപ്പറ്റി പറയാതെ മാറിയിരിക്കുന്നതു ശരിയല്ല.

MR. P. K. KUNJU : മെമ്പർ എത്രകാലമായി ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നുണ്ട്?

MR. THARIATHU KUNJITHOMMEN : എന്റെ സ്നേഹിതൻ ഒരു സ്കൂൾ കുട്ടിയായിരുന്ന കാലംമുതലേ ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നുണ്ട്.

MR. P. K. KUNJU : അതനുസരിച്ച് എന്തെല്ലാം ചെയ്തിട്ടുണ്ട്?

MR. THARIATHU KUNJITHOMMEN : പലതും ചെയ്തിട്ടുണ്ട്. ഗവണ്മെൻറ് നീതിക്കും നിയമസമാധാനത്തിനുമായിട്ട് നിൽക്കുന്നു. അതിൽ വല്ല ന്യൂനതയോ തെറ്റോ വന്നുപോയാൽ അതു ചൂണ്ടിക്കാണിച്ച് തി

LIBRARY ARCHIVES Kerala Legislative Assembly

രുത്താൻ കഴിയുമെന്നുള്ള വിശ്വാസത്തിലാണ് ഓരോ ജനപ്രതിനിധികളും ഇവിടെ വന്നിരിക്കുന്നത്. ഗവണ്മെൻറു നീതി നടത്തുമെന്നുള്ള മൂലപ്രമാണത്തിൽ വിശ്വസിച്ചാണ് നാം ഓരോരുത്തരും ഇവിടെ വരുന്നത്. ഗവണ്മെൻറിനു പല അബദ്ധങ്ങളും പറ്റിയിട്ടുണ്ടായിരിക്കാം. അതു് ഉദാഹരണം പോളസി ഉരുപ്പിടിക്കുന്ന ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാരുടെ കൂട്ടത്തിലും സെക്രട്ടേറിയറ്റിലും ചില സമുദായക്കാർ മാത്രം ഉള്ളതുകൊണ്ടും ചിലർ വഴി തെറ്റിക്കുന്നതുകൊണ്ടുമാണു. ഞാൻ അതു് അവരുടെ മനഃപൂർവ്വം തന്നെയാണെന്നു പറയുന്നില്ല. മറ്റു സമുദായക്കാരുടെ ആവശ്യങ്ങളും പരിതസ്ഥിതികളും അവർ ശരിയായി മനസിലാക്കിയിട്ടില്ലായിരിക്കാം. ഈ സഭയുടെ അസ്ഥിവാരം പണിതിരിക്കുന്നതു് ഗവണ്മെൻറു നിയമസമാധാനത്തിനായി നിൽക്കുന്നു എന്നതിലാണ്. അതുകൊണ്ടു് നീതി നടത്തണമെന്നാണ് ഞാൻ ഗവണ്മെൻറിനെ അടിക്കടി ഉൽബോധിപ്പിക്കുന്നതു്.

MR. K. GEORGE : Sir, the whole question of communal representation in the public service has been discussed under this demand. It was one of the questions which had long been agitated in this House and it was thought that when the Public Service recruitment Scheme was sanctioned, the question would be set at rest. Looking back to the time when the G. O. was issued, I remember that it was received with considerable appreciation. Now the whole question is brought up again and I take it that it is due to the fact that the members who agitate over the matter have been under certain expectations, the expectations evidently being, that all atonce and without allowing adequate time for that G. O. to work out, the grievances of which they have been complaining about would be completely remedied. It is well known that due to certain circumstances, this expectation ceases to be realised all atonce. But what Government has done is to set up a machinery by the working of which these grievances can be redressed in course of time. It is true that Mr. Kunjithommen has been repeatedly complaining about the inadequacy of the members of his community in the Land Revenue Department. Now I have to tell him that this is a matter which at present rests in the hands of the Public Service Commissioner. One point which is mentioned was about Assistant Peishkars. He apparently forgot to mention that until about a month ago there was an Assistant Peishkar belonging to the Syrian Roman Catholic community. Merely by efflux of time that officer has retired. It is not practicable immediately from some quarter or other to bring some other Syrian Catholic to take up the place of the Assistant Peishkar. I ask Mr. Kunjithommen to be more patient. There is a scheme which has already been notified by the Government *viz.*, the scheme of recruitment to the Civil Service of the State. When this scheme comes into operation, a number of direct recruitments will be made to

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

the superior service of the State and Mr. Kunjithomman can expect capable members of his community take advantage of the opportunities and come in to occupy high posts in the public service.

Sir, I do not propose to traverse the whole length of the discussion that has taken place here. It would not be practiable considering the limited time at my disposal. I would only deal with those observations which appertain to my department. Mr. Kunjithommen and certain other members referred to the appointment of Proverthicars. They complained that not one from the Syrian Catholic community has been appointed as a Proverthicar. Sir, it is true that I made a promise during the last session to submit proposals to Government for the direct recruitment of Proverthicars and this I did. Government have passed orders on those proposals more or less on the basis of my recommendations. The Government order requires certain qualifications for Proverthicars preliminary to their recruitment. On the basis of that order the Public Service Commissioner issued a notification inviting applications. It was found that none of the candidates who applied possessed all the requisite qualifications.

MR. K. P. KOCHUKORATHARAKAN: ഗസറ്റ് പബ്ലിക്കേഷനിൽ പറയുന്ന യോഗ്യതയുള്ള ഏതെങ്കിലും പ്രവർത്തികാരന്മാർ ഇന്ന ഡിപ്പാർട്ടുമെൻറിലുണ്ടോ?

MR. K. GEORGE: One of the qualifications that was required was the possession of a certificate of having passed an examinaton in theodilite survey. I am not in a position to say whether there is now any Proverthicar in the service possessing that qualification. Now I may say what has subsequently happened. When a notification was issued by the Public Service Commissioner it was found that there was no one possessing all the qualifications required. Therefore I placed the matter before Government.

MR. KOTTALIL P. ABRAHAM: Were there applicants who possessed at least one or two qualifications?

MR. K. GEORGE: Oh, yes. There were. So, I placed the matter before the Government and a settlement on that point may soon be expected. When that is done a lot of the complaints regarding the appointment of proverthicars will cease.

Then Mr. Kunjithomman referred to the paucity of the members of his community in various subordinate ranks of the Department. There are a few members of the Syrian and Latin Catholic communities in the Department. I think there are two members of the Latin Catholic community in my office. In regard to the Syrian Catholic community, it has been my unfortunate experience that whenever I appoint a person in my office he was invariably anxious to go back or to get transferred to some other place in the mofusil.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN : ദേവികുളം കമ്മീഷണരാഫീസിൽ അങ്ങിനെ ഒരാളുണ്ടോ?

MR. K. GEORGE : There was one Syrian Catholic there and I remember, Sir, that he was transferred to a station in the plains.

MR. THARIATHU KUNJITHOMMEN : ദേവികുളം ഡിവിഷനാഫീസിലുണ്ടോ എന്നന്വേഷിക്കണം എന്നു പറഞ്ഞു. ദേവികുളം താലൂക്കാഫീസിലുണ്ടോ?

MR. K. GEORGE : Sir, I must investigate that.

If I transfer a man to the Peermade or Devicolam Taluk he wants to come away. Mr. Kunjithommen is, I believe, more interested with the Taluks of Peermade and Devicolam as they form his constituency than the clerks whom I send there. They may not care to remain in this hill station. That is unfortunately the position. If they are eager to come away pressure is brought to bear on me on that matter and these people are retransferred.

MR. THARIATHU KUNJITHOMMEN : കീഴ് ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്നതുപോലെയാണൊ മേലുള്ളവർ പ്രവർത്തിക്കുന്നതു്?

MR. K. GEORGE : When public interests are not sacrificed I do not see why such small requests should not be granted.

MR. THARIATHU KUNJITHOMMEN : പബ്ലിക്കു സർവീസിൽ, ഭൂസ്വത്തുടമസ്ഥന്മാരിൽ ഒരു വലിയ ജനവിഭാഗമായ സിറിയൻ കത്തോലിക്കർക്കുടി ഉണ്ടായിരിക്കുന്നതു നല്ലതാണെന്നു മെമ്പറിനു തോന്നുണ്ടോ?

MR. K. GEORGE : Sir, I do not depend upon my clerks whoever they are. Public interest will not be affected whoever is appointed in my office.

MR. THARIATHU KUNJITHOMMEN : അതുപോലെയല്ലയോ മറ്റുള്ള ആഫീസറന്മാരും? ഇങ്ങനെ എല്ലാപേരും വിചാരിക്കുകയാണെങ്കിൽ ഈ കത്തോലിക്കർക്കു് ഒരിടത്തും സ്ഥാനമില്ലാതെ വരികയില്ലയൊ?

MR. K. GEORGE : I can only say about my own office. I cannot say how it will be in other offices. I have dealt with the question as it will affect my one department. In regard to the general question I shall say only this. The communities which are now in the position of backwardness should have patience and in the course of time the application of this G. O. will work out satisfactorily. If there are specific defects in that G. O. and in the arrangements which have been brought to existence it is open to the honourable members to specify in what respects the G. O. is defective. Government are perfectly willing to look into that question and remedy the defects as far as possible.

LIBRARY ARCHIVES Kerala Legislative Assembly

MR. THARIATHU KUNJITHOMMEN : ഗവണ്മെൻറു ഭാഗത്തുനിന്നും ഇപ്പോൾ പറഞ്ഞിട്ടുള്ള മറുപടിയിൽ ഞങ്ങൾക്കു പൂർവാധികമായ ആശയ്ക്കാണും പറയത്തക്ക വഴിയില്ല. ഡിവിഷൻ അസിസ്റ്റൻറന്മാർ, തഹശീൽദാരന്മാർ മുതലായവരെ നേരിട്ടു വക്കീലന്മാരുടെ ഇടയിൽ നിന്നും നിയമിക്കുന്നതുകൊണ്ടു ഒരു ദോഷവും വരാനില്ല. നേരിട്ട് നിയമനം നടത്തിയാൽ മാത്രമെ അസമത്വസമുദായങ്ങൾക്കു രക്ഷയുള്ളൂ. ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ ഒരാൾ ഡിവിഷൻ അസിസ്റ്റൻറായി വരണമെങ്കിൽ ഹജൂരിൽ ഇരിക്കുന്ന ഒരു ഒന്നാംഗ്രേഡ് ക്ലാർക്കു മജിസ്ട്രേട്ടായി വരണം. പിന്നെ തഹശീൽദാരാകണം. അവിടെനിന്നും ഡിവിഷൻ അസിസ്റ്റൻറാകണം. ഈ വിധത്തിൽ ഡിവിഷൻ അസിസ്റ്റൻറന്മാരാകാനുള്ള പ്രഥമ പടിയായിരിക്കുന്ന ഹജൂരാഫീസിലെ പേഷ്ക്കാസ്സ് ക്ലാർക്കന്മാരുടെ സ്ഥാനത്തുതന്നെ ഒരാൾപോലും ഇല്ലാതിരിക്കുമ്പോൾ ഇനി എത്രകാലം കഴിഞ്ഞിട്ടാണ് ഒരു സിറിയൻ കത്തോലിക്കൻ ഒരു ഡിവിഷൻ അസിസ്റ്റൻറായി വരുന്നതു്. അതു മിക്കവാറും അടുത്തകാലത്തു അസാദ്ധ്യമെന്നതന്നെ പറയേണ്ടിയിരിക്കുന്നു. അതിനാൽ നേരിട്ടുള്ള നിയമനംകൊണ്ടേ ഇതു പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അങ്ങിനെ ചെയ്യുന്നതുകൊണ്ടു എഫിഷ്യൻസിക്കു യാതൊരു ദോഷവും വരാനില്ല. എഡ്യൂക്കേഷൻ സെക്ഷനിൽ ഇരിക്കുന്നവരും പബ്ളിക്കു വർക്കിൽ ഇരിക്കുന്നവരും തഹശീൽദാരന്മാരായും മറും നിയമിക്കപ്പെടുന്നുണ്ടു്. പറവൂർ തഹശീൽദാരായിരിക്കുന്ന ആൾ പബ്ളിക്കു വർക്സ് ഡിപ്പാർട്ടുമെൻറിൽ ചീഫ് എൻജിനീയരാഫീസിൽ മാനേജരായിരുന്ന ഒരാളാണു്. അതുപോലെ എക്സൈസ്സ് ഡിപ്പാർട്ടുമെൻറിൽ ഒരു ഇൻസ്പെക്ടരായിരുന്ന ആളിനെ തഹശീൽദാരായി നിയമിച്ചിട്ടുണ്ടു്. ഇങ്ങനെയൊക്കെ ഗവണ്മെൻറുതന്നെ നിയമനം നടത്തിയിട്ടുള്ള സ്ഥിതിക്കു എന്തുകൊണ്ടു വക്കീലന്മാരിൽനിന്നു നേരിട്ടു നിയമനം നടത്തിക്കൂടാ. വക്കീലന്മാർക്കു കൃഷിക്കാരായ ജനങ്ങളുമായി നേരിട്ടു അധിക സമ്പർക്കമുണ്ടു്. അവർ ബി. എൽ. പാസായിട്ടുണ്ടു്. അതിനാൽ അവരെ തഹശീൽദാരന്മാരായി നിയമിക്കുന്നതുകൊണ്ടു ഒരു കുറവും വരാനില്ല. അവർ ജനങ്ങൾക്കുവേണ്ടി റവന്യൂ കാര്യങ്ങളിൽക്കൂടി ഇടപെട്ടു കേസുകൾനടത്തി പരിചയം സിദ്ധിച്ചിട്ടുള്ളവരാണു്. മജിസ്ട്രേട്ടായിരിക്കുന്ന ഒരാളിനെ പെട്ടെന്നു തഹശീൽദാരായി നിയമിക്കുന്നതിനേക്കാൾ എത്രയോ ഭേദമായിരിക്കും ഇവരെ നിയമിക്കുന്നതു്. മജിസ്ട്രേട്ടിനു റവന്യൂകാര്യത്തെ സംബന്ധിച്ചു് യാതൊരു പരിചയവും ഉണ്ടായിരിക്കുകയില്ല. ഇതു അനുഭവമുള്ള ഒരു കാര്യമാണു്. അതുപോലെ എക്സൈസ്സു ഡിപ്പാർട്ടുമെൻറി

LIBRARY ARCHIVES Kerala Legislative Assembly

ൽനിന്നും വരുന്ന ഒരു തഹശീൽദാർ റവന്യൂകാര്യങ്ങൾ കാണുന്നതു വ്യാജച്ചരക്കായിട്ടായിരിക്കും.

MR. M. K. MACKAR PILLAI : തഹശീൽദാരന്മാർ സാധാരണ പുതുവൽ പതിച്ചുകൊടുക്കുന്നതു ജാതി നോക്കിയല്ലേ?

MR. THARIATHU KUNJITHOMMEN : രണ്ടുതരത്തിലുമുണ്ട്, ജാതി നോക്കിയും പതിച്ചുകൊടുക്കും, പണം നോക്കിയും പതിച്ചുകൊടുക്കും പ്രവർത്തിയാരന്മാരും അവരുടെ ജാതി നോക്കി പുറമ്പോക്കു പതിച്ചുകൊടുക്കുന്നതിൽ ഏടപെടാറുണ്ട്. മറ്റു ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവരെ തഹശീൽദാരന്മാരായി നിയമിച്ചാൽ മറ്റൊരു ദോഷംകൂടിയുണ്ട്. കൈക്കൂലി മുതലായ അഴിമതികൾ ധാരാളം ഉണ്ടാകാം. എക്സൈസ്സ് ഡിപ്പാർട്ടുമെൻറിലും മറ്റും ഇരിക്കുന്നവർ സാധാരണ അഴിമതിക്കാരാണ്. അവിടെനിന്നും വരുന്നവർ ഇവിടേയും കൈക്കൂലിക്കാരായിരിക്കാനും മതി. വക്കീലന്മാരെ തഹശീൽദാരന്മാരായി നിയമിച്ചാൽ അങ്ങിനെയുള്ള യാതൊരു ദോഷവും വരാനില്ല. അവക്ക് സംഗതികൾ നേരിട്ടറിയാം. ജനങ്ങളിൽ എല്ലാ കക്ഷികളേയും പറ്റി അവക്കറിവുണ്ട്. ഏകദേശം പതിനായിരത്തിനു മേൽ ഇംഗ്ലീഷ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുള്ള കത്തോലിക്കാ സമുദായത്തിൽനിന്നും ഒരാളെ മാത്രം പാവ്വത്യക്കാരായി നിയമിച്ചിട്ടുള്ളതിൻെറയും അസിസ്റ്റൻറ് പേഷ്ക്കാർമാർ ആരും ഇല്ലാത്തതിൻെറയും ഭയങ്കരത്വം ഗവണ്മെൻറു നല്ലവണ്ണം മനസ്സിലാക്കേണ്ടതാണു.

MR. K. GEORGE : സിവിൽ സർവീസ് ബോർഡു വരുമ്പോൾ ഇതു പരിഹരിക്കപ്പെടുമെന്നു മെമ്പർക്കറിയാമോ?

MR. THARIATHU KUNJITHOMMEN : ഓരോന്നു വരുമ്പോൾ പൂർവാധികം ഛീത്തയായിട്ടാണ് ഫലം കാണുന്നതു്. കരിക്കട്ട കഴുകുന്തോറും കറുത്തു കറുത്തു വരുകയുള്ളു. ഇവിടെ എത്ര പരാതിപ്പെട്ടിട്ടും എന്തെല്ലാം ഏർപ്പാടുകൾ നടപ്പിൽ വരുത്തിയിട്ടും കത്തോലിക്കർ ഇന്നും പണ്ടത്തെ നിലയിൽനിന്നും ഉദ്യോഗത്തിൽ താണിരിക്കുന്നതേയുള്ളു. ഇപ്പോൾ മുൻപുള്ളതു പ്രയോജനംകൂടി ഉണ്ടാകുന്നില്ല. ഞാൻ ആരേയും കുറ്റം പറയുന്നില്ല. അനുഭവം പറഞ്ഞുവെന്നെയുള്ളൂ. മുൻപു ബഡ്ജറ്റുകാലം അടുക്കുമ്പോൾ വകുപ്പുദ്യോഗസ്ഥന്മാർ എങ്കിലും അവിടവിടെ ചില ആക്ടിംഗുകാരെ നിയമിച്ചു എന്നു വരാവുന്നതായിരുന്നു. എന്നാൽ ഇപ്പോൾ അതിനും നിവർത്തിയില്ല. എല്ലാം പബ്ളിക്കു സർവീസ് കമ്മീഷണരുടെ പിടലിക്കായിരിക്കുന്നു. പബ്ളിക്കു സർവീസ് കമ്മീഷണരുടെ ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

ഏർപ്പാടുകൊണ്ടു ഇണമില്ല. സമുദായപ്രാതിനിധ്യത്തിനു വിരുദ്ധമല്ലാത്തവിധത്തിൽ വേണം മത്സരപ്പരീക്ഷ നടത്താൻ. മൂന്നു കൊല്ലം ആക്ടിംഗ് സർവീസ് ഉള്ളവരുടെ അവകാശത്തെ വിഗണിക്കുവാൻ പാടില്ലെന്നുള്ള ചട്ടവും ഞങ്ങൾക്കു ബാധകമാണ്. ആക്ടിംഗ് സർവീസ് തീരെ വിഗണിക്കണമെന്നു ഞാൻ പറയുന്നില്ല. ചില സമുദായങ്ങൾക്കു കൂടുതൽ ആക്ടിംഗ് സർവീസുള്ളവരുണ്ടായിരിക്കും. ആ സമുദായത്തിന്റെ മുറവരുമ്പോൾ അതിലെ ആക്ടിംഗ്കാരനു കൊടുക്കട്ടെ. അതുപോലെ ചില സമുദായങ്ങൾക്ക് ആക്ടിംഗ് സർവീസ് ഉള്ളവർ തീരെ ഇല്ലെങ്കിൽ അവരുടെ മുറ വരുമ്പോൾ ആ സമുദായത്തിൽ നിന്നു പുതിയ നിയമനം നടത്തണം. അങ്ങിനെയുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തിയാൽ നാട്ടിൽ ജനസമുദായങ്ങൾ തമ്മിലുള്ള സൌഹാർദ്ദത്തെ പരിരക്ഷിക്കുവാൻ കഴിയും. ഇക്കാര്യത്തെപ്പറ്റി ഒരു തീരുമാനവും ഉണ്ടാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഇവിടെ അസ്വസ്ഥത വർദ്ധിച്ചുവരികയുള്ളൂ. അങ്ങിനെയായാൽ ഗവണ്മെൻറും വിഷമിക്കും, ജനങ്ങളും വിഷമിക്കും. കേവലം സ്വാർത്ഥത്തിനുവേണ്ടി ചില വ്യക്തികളോ സമുദായങ്ങളോ ഗവണ്മെൻറിനെ വഴി തെറ്റിച്ചു എന്നുവരാം. എല്ലാ സമുദായങ്ങൾക്കും ഇവിടെ ശരിയായ സമാധാനത്തോടും അഭിമാനത്തോടും സ്വാതന്ത്ര്യത്തോടും ജീവിക്കണമെന്നുള്ള വിചാരം ഉണ്ടു്. എല്ലാവരുടേയും രക്ഷാകർത്തൃത്വം മഹാരാജാവു തിരുമനസ്സിലാണു് നിക്ഷേപിച്ചിരിക്കുന്നതു്. ഇവിടത്തെ പ്രജകളിൽ ഒരു വിഭാഗത്തിനും യാതൊരുവിധമായ കയ്യേറ്റവും അവകാശങ്ങളിൽ കൈകടത്തലും ഉണ്ടാകാതെ തിരുമനസ്സുകൊണ്ടും അവിടത്തെ ഗവണ്മെൻറും പാലിച്ചുകൊണ്ടുപോകുമെന്നുള്ള വിശ്വാസം ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കണം. അതനുസരിച്ചാണ് ഗവണ്മെൻറിന്റെ അന്തസ്സും അഭിമാനവും സ്ഥിതിചെയ്യുന്നതു്. ഓരോ ജനവിഭാഗങ്ങളിൽനിന്നും ഓരോ തരത്തിലുള്ള അഭിപ്രായം ഉണ്ടാവാം. ആ പാർട്ടി, ഈ പാർട്ടി, ആ വ്യക്തി, ഈ വ്യക്തി എന്നിങ്ങനെയുള്ള പേരിൽ പലരും പല തരത്തിലുള്ള ആക്ഷേപങ്ങളും പുറപ്പെടുവിച്ചേക്കാം. എന്നാൽ ഗവണ്മെൻറു നിർദ്ദാക്ഷിണ്യം നീതി നടത്തുന്നതിൽ ഇതൊന്നും പരിഗണിക്കേണ്ട ആവശ്യമില്ല. ദൃഢവും, നിഷ്പക്ഷവും, വ്യക്തവുമായ നിലയിൽ ഗവണ്മെൻറു എല്ലാ ജനവിഭാഗങ്ങളോടും നീതി നടത്തുമെന്നു കണ്ടാൽ എതിരെല്ലാം മാറും. ഞങ്ങൾ ആഗ്രഹിക്കുന്നതു് ഗവണ്മെൻറിന്റെ അന്തസ്സും അഭിമാനവും പുലർത്തണമെന്നാണു്. അല്ലാതെ ഗവണ്മെൻറിനെ വിഷമിപ്പിക്കണമെന്നോ ഗവണ്മെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അന്തസ്സിനെ വിളംബപ്പെടുത്തണമെന്നോ ഞങ്ങൾക്കു ഉദ്ദേശമില്ല. അങ്ങനെ വിചാരമുള്ളവരാണ് ഞങ്ങളുടെ ഈ വാദത്തെ അന്യായമാണെന്നും പറഞ്ഞു് ഈ സഭയുടെ ഒരു ഭാഗത്തു ഇരുന്നുകൊണ്ടു ശക്തിയായി എതിർക്കുന്നതു്. ആരു എന്തു പറഞ്ഞാലും ഗവണ്മെൻറു നിർദ്ദാക്ഷിണ്യമായും നിഷ്പക്ഷമായും പ്രവർത്തിക്കണമെന്നും എല്ലാ സമുദായങ്ങളുടെ സങ്കടത്തേയും പരിഹരിക്കണമെന്നും വിശ്വസിച്ചുകൊണ്ടു ഞാൻ അതിനായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

PRESIDENT: Now, the question before the House is that a reduction of Re. 1 be made in the allotment of Rs. 22,740 for Assistant Peishkars. In regard to this, the question of communal representation has been brought forward.....

MR. THARIATHU KUNJITHOMMEN: I withdraw the motion.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I oppose that.

PRESIDENT: If the honourable member has not got the leave of the House to withdraw, the matter will have to be voted.

The question of reducing the allotment of Rs. 22,740 for Assistant Peishkars by Re. 1 was put to vote and declared lost.

MR. N. RAMAKRISHNA PILLAI: Sir, I demand a poll.

A poll was taken and the House divided as follows:

AYES—16.

1 Mr. Kottalil P. Abraham	10 Mr. Kaviyoor K. K. Kochukunju
2 ,, M. L. D'Cruz	11 ,, Thariathu Kunjithommen
3 ,, D. Francis	12 Sahib Bahadur M. K. Makkar Pillai
4 ,, N. John Joseph	13 Mr. P. V. Mathai Chemparathy
5 ,, N. V. Joseph	14 ,, J. E. A. Pereira
6 ,, Joseph Vithayathil	15 ,, E. P. Varghese
7 ,, M. Kesava Panickar	16 ,, N. Velu Achari
8 ,, T. T. Kesavan Sastri	
9 ,, K. P. Kochukora Tharakan	

NOES—28.

1 Mr. P. C. Adichan	16 Mr. P. Sivarama Pillai
2 Sahib Bahadur V. Chandamiah	17 ,, M. Sivathanu Pillai
3 Mr. E. E. Pandarathil	18 ,, E. Subramonia Aiyar
4 ,, K. George	19 ,, G. B. E. Truscott
5 ,, M. L. Janardana Pillai	20 ,, Puliyoor T. P. Velayudhan Pillai
6 ,, T. C. Kesava Pillai	
7 ,, S. Krishna Aiyar	21 Dr. C. R. Harler
8 ,, Puthupally S. Krishna Pillai	22 Mr. K. C. Karunakaran
9 ,, C. Kumara Das	23 ,, M. Govinda Pillai (*Secretary to Government*)
10 ,, K. G. Kunjukrishna Pillai	24 ,, K. J. Cheriyan (*Ag. Financial Secretary to Government*)
11 ,, C. O. Madhavan	25 ,, M. Ramachandra Rao (*Commissioner of Police*)
12 ,, S. Narayana Pillai	26 ,, C. V. Chandrasekharan
13 ,, R. Narayanan Namboori	27 ,, Kamesam
14 ,, Kainikkara M. Padmanabha Pillai	28 ,, G. P. Nilakanta Pillai
15 ,, Codiveetil C. Ramankunju	

LIBRARY ARCHIVES Kerala Legislative Assembly

NEUTRALS—20.

1	Mr. S. Chattanatha Karayalar	11	Srimati T. Narayani Amma
2	,, Kannara Gopala Panickar	12	Mr. S. Nilakanta Pillai
3	,, C. Jebamony Nadar	13	,, E. John Philipose
4	,, K. Kesavan	14	,, N. Ramakrishna Pillai
5	Sahib Bahadur P. K. Kunju	15	,, M. Ramiah Pillai
6	Mr. P. Kunjukrishnan	16	,, P. J. Sebastian
7	,, M. G. Mathew	17	,, A. Thanu Pillai
8	,, P. Nanoo	18	,, K. T. Thomas
9	,, N. Narayana Kurup	19	,, T. M. Varughese
10	,, K. Narayanaperumal Nadar	20	,, V. K. Velayudhan

The motion was declared lost, 16 voting for, 28 against and 20 remaining neutral.

Motion Number 42.

PRESIDENT : Motion Number 42, Mr. K. Narayanaperumal Nadar

MR. K. NARAYANAPERUMAL NADAR : I don't move.

Motion Number 43.

MR. M. G. MATTHEW : Sir, I rise to move :

"To reduce the allotment of Rs. 16,000 for travelling allowances by Rs. 10."

The object is to discuss the desirability of divesting the Division Peishkars of their powers as District Magistrate.

The Division Peishkar is the chief officer of the District and in addition to his revenue powers, he has to attend to magisterial duties. His duties as the chief revenue officer of his district covers the business connected with appeals from land revenue recovery proceedings, appeals from pokkuvaravu cases, appeals in poramboke cases, karampathippu cases, municipal appeals and various other appeals of a similar nature. He is also a circuiting officer engaged in the inspection of the plots in connection with applications for the registry of the same. He is an over-worked officer, always finding it difficult for the proper disposal of the cases. As the chief magisterial officer in a district, he is engaged in the disposal of applications for the transfer of criminal cases from one court to another. He is also the Chief executive officer in a District, and has often to escort His Highness the Maharaja when His Highness goes on tour. He has also to accompany the Head of the Administration when he inspects the division. Above all, the Division Peishkar has to see to the well being of the people of the district. He has to hear regular appeals from the decisions in criminal cases and sometimes cases which arise under Sections 90 and 93 of the Criminal Procedure Code and those which concern places of worship. He is the authority to attend to all these cases and as such, his duties are very onerous. Very often it is found that he

LIBRARY ARCHIVES Kerala Legislative Assembly

could not dispose of cases as and when they are posted. One who is familiar with his work will understand that it is desirable and necessary to effect a bifurcation of his duties. Further this is only one aspect of the general question of the separation of the judiciary from the executive. As far as this matter is concerned there can be no two opinions as to the desirability of the bifurcation. This question also arises in the cases of Assistant Division Peishkars and Tahsildars. Now-a-days, very many Tahsildars are not invested with the magisterial work. With this aspect in view, I request that the honourable members of this House would direct their attention to this motion, and I commend this motion for the acceptance of the House.

MR. T. C. KESAVA PILLAI : മി. എം. ജി. മാത്യു അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഡിവിഷൻ അസിസ്റ്റൻറിന്റെ സ്ഥാനം നിറുത്തണമെന്നു പറഞ്ഞു് മുൻപു ഒരു പ്രമേയം തന്നെ ഇവിടെ പാസായിട്ടുണ്ടു്. ഡിസ്ട്രിക്ട് മജിസ്ട്രേട്ട എന്നുള്ള സ്ഥാനം ഡിവിഷൻ പേഷ്കാരിൽ ലയിച്ചിരിക്കാൻ പാടില്ലാ എന്നു മി. മാത്യു പറയുന്നതു ശരിയല്ല. ക്രിമിനൽ വകുപ്പു റവന്യു വകുപ്പിൽ നിന്നും മാറി നിറുത്തണമെന്നുള്ള തത്വത്തെ ആസ്പദമാക്കിക്കൊണ്ടായിരിക്കണം അദ്ദേഹം ഈ ഉപക്ഷേപം അവതരിപ്പിച്ചതു്. ഇപ്പോൾ തിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും അവരുടെ ജോലിക്കുറവും പരിഗണിക്കുമ്പോൾ കൂടുതൽ കൂടുതൽ ഉദ്യോഗങ്ങളെ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങളെ നൽകുന്നതു ആപൽക്കരം കൂടിയാണെന്നാണു് എന്റെ അഭിപ്രായം. മി. എം. ജി. മാത്യു തന്നെ, നാം കൊല്ലത്തിനു മുൻപുണ്ടായിരുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരാണോ ഇന്നത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ എന്നു് നോക്കട്ടെ. അന്നത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്കുണ്ടായിരുന്ന അധികാരം ഇന്നെവിടെപ്പോയി? അനേകം അനേകം അധികാരങ്ങൾ അവരിൽനിന്നും വേർതിരിഞ്ഞു പുതിയ ഉദ്യോഗങ്ങളെ സൃഷ്ടിക്കുവാനും അങ്ങിനെ ധനത്തെ കുറെ ദുർവിനിയോഗം ചെയ്യിക്കാനും ഇടവരുത്തുന്നുണ്ടെന്നല്ലാതെ രാജ്യത്തിനു ശാശ്വതമായ യാതൊരു നന്മയും അതുകൊണ്ടു ഇതുവരെ ഉണ്ടായിട്ടില്ല. എനിക്കുതന്നെ അറിയാം, അന്നത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ എങ്ങിനെയാണു ജോലി നിർവഹിച്ചു വന്നിരുന്നു എന്നുള്ളതു്. അന്നു് കാറുമറും വന്നിരുന്നില്ല. ഇവർ ഓരോ സ്ഥലത്തും സക്കീട്ടുപോയി താമസിച്ചു് അതാതു സ്ഥലങ്ങളിലുള്ള ആളുകളുടെ ആവശ്യങ്ങളെ നേരിട്ടറിഞ്ഞു് അവർക്കുവേണ്ട സുഖസൗകര്യങ്ങളെ ഉണ്ടാക്കിക്കൊടുക്കുന്നതിൽ ജാഗരൂകരായിരുന്നു. എന്തുദ്ദേശത്തിനുവേണ്ടിയാണോ അവർ ശമ്പളം പറ്റിയിരുന്നതു് അതു അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kasava Pillai.]

വർ ചെയ്യുവന്നു. അക്കാലത്തു ഇതേമാതിരി രാഷ്ട്രീയമായ സങ്കടങ്ങളൊ പൊതുജനങ്ങളുടെയിടയിൽ ഇത്രമാത്രം കഷ്ടതകളൊ ഉണ്ടായിരുന്നില്ല. ഇന്നത്തെ ഉദ്യോഗസ്ഥന്മാർക്കു ജോലി കുറവാണെന്നുവരികിലും അവരുടെ ഉദ്യോഗനിവ്വഹണത്തിൽ എത്രമാത്രം ജനങ്ങളെ പീഡിപ്പിക്കാൻ കഴിയുമോ അത്രമാത്രം ചെയ്യുന്നുണ്ടു. മഹാരാജാവു തിരുമനസ്സിനേയും ദിവാൻജി അവർകളെത്തന്നേയും അറിയിക്കാതെയുള്ള അഴിമതികളേയും ധാരാളമായി അവർ ചെയ്യുന്നുണ്ടു്. അതുകൊണ്ടു, എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഇങ്ങനെ പുതിയ പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിൽ ഭേദം ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ, ഡിവിഷൻ പേഷ്ക്കാരന്മാർ മുതലായവരുടെ അധികാരങ്ങളോടു വേറെയും ചില അധികാരങ്ങൾകൂടി കൂട്ടിച്ചേർത്തു് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയാണെന്നു് എനിക്കു തോന്നുന്നു. ഈയാണ്ടത്തെ ബഡ്ജറ്റു കണ്ടതിനുശേഷം ഇവിടത്തെ ശമ്പളത്തിന്റെ ആകെമൊത്തം കണക്കെടുത്തുകൊണ്ടു ഞാൻപോയി എന്റെ തേങ്ങ വെട്ടുന്ന ഉരാളിയുമായി ആലോചിച്ചതിൽ തേങ്ങക്കു് വില കുറവാണെന്നു് അവൻ സമ്മതിക്കുന്നുണ്ടെങ്കിലും അവൻ പറയുന്നതു ഇങ്ങനെയാണു്. "യജമാനനെ, ഗവണ്മെന്റു അവരുടെ വരവിന്റെ ൪ @ ശതമാനം ശമ്പളത്തിനായി മാത്രം ചെലവാക്കുന്നുണ്ടു്. അതുകൊണ്ടു എനിക്കും യജമാനന്റെ വരവിന്റെ ൪ @ ശതമാനം കൂലി തരേണ്ടതാണു്." ഇതാണു് അവസ്ഥ. ചില പേഷ്കാരന്മാർ വഴിതെറ്റിപ്പോയി എന്നു വിചാരിച്ചു് ആ പേഷ്ക്കാരന്മാർക്കുള്ള അധികാരം എടുക്കണമെന്നുള്ള അഭിപ്രായത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന പഴിക്കു ഉദ്യോഗത്തെയല്ലാ പഴിക്കേണ്ടതു്.

MR. K. GEORGE: Sir, I oppose the motion.

PRESIDENT: The honourable member has got one minute more.

MR. K. GEORGE: I should say that the mover has not adduced any real argument for insisting on the separation of the revenue and judicial functions of the Division Peishkars. The point that he raised was that the Peishkars were overworked, having got so many duties to perform. All the same, none of the Division Peishkars has complained to me that they are overworked and that they should be divested of the functions of the District Magisrates.

Financially also, Sir, this is a proposition which would mean a loss to Government. I have no time to dwell at length on the pros and cons of the subject.

LIBRARY ARCHIVES Kerala Legislative Assembly

MR. M. G. MATTHEW: Was not the complaint of the Division Peishkars to be taken into consideration in this connection ?

PRESIDENT: Order, order. The time is up.

MR. M. G. MATTHEW: I do not press the motion.

The motion was, by leave, withdrawn.

Demand I—Land Revenue, Rs. 10,54,614. minus Re. 1 reduced by the House was then put to vote and carried. The grant was made.

Motions Numbers 44—85 lapsed, the time allotted for the Demand having expired.

DEMAND II—MEDICAL.

DR. (MRS.) M. POONEN LUKKOSE (*Ag. Surgeon General*): Sir, I rise to move for a grant not exceeding Rs. 9,57,910, under Demand II—Medical.

Motion No. 86.

MR. P. V. MATHAI CHEMPARATHI: Sir, I beg to make the following motion :

To reduce allotment of Rs. 2,500 *for travelling allowance by Re.* 1.

Sir, my object is to bring to the notice of the Medical Department and the Government that the present provision for medical aid in the taluks of Minachil and Todupuzha is very indequate. For the whole of Todupuzha taluk there is only one dispensary. The people are mostly agriculturists and are very poor. They now have to walk 20 miles and even more in order to get at the nearest dispensary. There is absolute necessity for 2 more dispensaries, one at Karimannoor and another at Kangar. The budget before us does not provide for these 2 dispensaries. I would draw the attention of the Surgeon-General to this fact and request that immediate steps be taken on the matter.

MR. P. SIVARAMA PILLAI (*Minachil* cum *Todupuzha*): I support the motion. There is no doubt that the taluks of Minachil and Todupuzha are too extensive; and Todupuzha is the most hilly taluk in the State. The whole region is hilly and there are very few roads. Naturally, the patients find it very difficult to go to the hospitals. There is only one dispensary in Thodupuzha taluk, one District hospital at Lalam, a dispensary at Ramapuram and another at Kuravilangad. But these places are 10 to 20 miles apart, and the whole country, as I said, is hilly, so that people find it extremely difficult to get medical aid especially when it is urgently needed. I have therefore great pleasure in supporting the motion before the house.

DR. (MRS.) M. POONEN LUKKOSE: I am glad to find, Sir, that the two honourable members who have spoken on this motion have both asked for more dispensaries. This shows that they have realised that the medical aid now rendered to the people has been of some use. But, had more members spoken on the motion, I feel sure that each one of them would have brought forward and pressed the need for

Vide Annexure I

LIBRARY ARCHIVES Kerala Legislative Assembly